GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

26-05-2021

## കാർഷികമേഖലാവാർത്തകൾ

### 1. ഓണത്തിന് ഒരു മുറം പച്ചക്കറി

ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ആശയം പ്രായോഗികമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്കും, വിദ്യാർഥികൾക്കും, വനിത ഗ്രൂപ്പുകൾക്കും, സന്നദ്ധസംഘടനകൾക്കും കൃഷിഭവൻ മുഖാന്തരം സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും ജൂൺ പകുതിയോടെ ലഭ്യമാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷി ഓഫീസുമായി ബന്ധപ്പെടുക.

### 2. പൈനാപ്പിളും കപ്പയും കൃഷിവകുപ്പ് സംഭരിക്കുന്നു

ഹോർട്ടികോർപ്പ് വാഴക്കുളം അഗ്രോ പ്രോസസ്സിംഗ് കമ്പനി വഴി കൈതച്ചക്ക ടോയും കപ്പയുടേയും സംഭരണം കൃഷിവകുപ്പ് ആരംഭിച്ചു. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി കർഷകർക്ക് ജില്ലാതലത്തിൽ ഹോർട്ടികോർപ്പ് ആരംഭിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടാവുന്നതാണ്. വിവിധ ജില്ലകളിലെ ഹെൽപ്പ് ഡെസ്ക് നമ്പറുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം 963323 5081 | കൊല്ലം 9446207383 |
| പത്തനംതിട്ട 9447335078 | ആലപ്പുഴ 9447860263 |
| കോട്ടയം 9447583081 | ഇടുക്കി 8547479101 |
| എറണാകുളം 9497689997 | തൃശ്ശൂർ 9446360336 |
| പാലക്കാട് 9447779770 | മലപ്പുറം 9447449183 |
| കോഴിക്കോട് 9497079534 | വയനാട് 9745468414 |
| കണ്ണൂർ 9895371970 | |

### 3. തീറ്റപ്പുൽകൃഷിയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു

തീറ്റപ്പുൽകൃഷി ചെയ്യാൻ താൽപര്യമുള്ള കർഷകരിൽനിന്നും ക്ഷീരവികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കർഷകർ ബ്ലോക്ക് തല ക്ഷീരവികസന യൂണിറ്റ് ഓഫീസിലോ

ക്ഷീരസഹകരണസംഘത്തിലോ ജൂൺമാസം ഇരുപത്തി ഒന്നാം തീയതിയ്ക്ക് മുമ്പായി അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്.

**ഓൺലൈൻ പരിശീലനങ്ങൾ**

4. റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നൽകുന്നു. മെയ് 31-ന് ഉച്ച കഴിഞ്ഞ് 2.30 മുതൽ 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്ത കേരളീയർക്ക് പരിശീലനഫീസ് 119 രൂപ ആണ്. ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ള കേരളീയർക്കും കേരളത്തിന് പുറത്തുള്ളവർക്കും 118 രൂപ ആയിരിക്കും ഫീസ്. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺ നമ്പറിലും 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

5. **വെള്ളായണി കാർഷിക കോളേജ്** സസ്യ പ്രജനന ശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരിക്കുന്ന 'അതിജീവനം കൃഷിയിലൂടെ' എന്ന വെബിനാർ പരമ്പരയിൽ ഇന്ന് **(26-05-2021 ന്)** ഉച്ചയ്ക്ക് 3.30 മുതൽ 5.00 മണി വരെ 'ഉദ്യാനത്തിലെ നൂതന പ്രവണതകൾ' എന്ന വിഷയത്തിൽ ഹോർട്ടികൾച്ചർ അസിസ്റ്റന്റ് പ്രൊഫസർ ഡോ ഷീന എ പ്രഭാഷണം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – **9497453663**

6. **കേരള വെറ്ററിനറി സർവകലാശാല 'മൃഗസംരക്ഷണമേഖലയിലെ വർഷകാല മുന്നൊരുക്കങ്ങളെ'** ആധാരമാക്കി നടത്തുന്ന കർഷകോൻമുഖവിദഗ്ദ്ധഭാഷണ പരമ്പരയിൽ ഇന്ന് **(26-05-2021 ന്)** വൈകിട്ട് 5.00 മണിക്ക് 'സംയോജിത കൃഷി ഉൽപാദനവർദ്ധനവിന്' എന്ന വിഷയത്തെ കുറിച്ച് സർവകലാശാല പ്രൊഫസർ ഡോ ജോസഫ് മാത്യുവിന്റെ പ്രഭാഷണം ഉണ്ടായിരിക്കുന്നതാണ്. കർഷകരുടെ സംശയദൂരീകരണത്തിനായുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നാളെ **(27-05-2021 ന്)** 'ജന്തുജന്യരോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും കുടിവെള്ള പരിശോധനയുടെ ആവശ്യകതയും' എന്ന വിഷയത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് പ്രഭാഷണം. വിശദ വിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **9446625160 / 9895213500**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. **തിരുവനന്തപുരം** വെള്ളനാട് മിത്രാനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നിന്നും ഈ മാസം **28 ന്** ഓൺലൈൻ പരിശീലനങ്ങൾ നൽകുന്നു. 'പച്ചക്കറി കൃഷിയിൽ ജൈവരോഗ കീട നിയന്ത്രണമാർഗങ്ങൾ' എന്ന വിഷയത്തിൽ ശ്രീമതി ബിന്ദു ആർ മാത്യൂസ് രാവിലെ 11.30 ന പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **9446911451** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. **ഇഞ്ചി കർഷകരുടെ ശ്രദ്ധയ്ക്ക്**

ഇഞ്ചിയിൽ കണ്ടുവരുന്ന ഒരു രോഗകീടബാധ ആണ് ചീയൽ രോഗം. ഇഞ്ചിയുടെ തണ്ടിൽ മണ്ണിനോട് ചേർന്ന ഭാഗത്ത് വെള്ളത്തിൽ കുതിർന്നതു പോലെയുള്ള ലക്ഷണം കാണാം. ആ ഭാഗം പിന്നീട് ചീഞ്ഞ് പോവുകയും ഇതിന്റെ ഫലമായി ഇഞ്ചിയുടെ ചിനപ്പുകൾ ചീഞ്ഞു പോകുകയും ചെയ്യും. രോഗബാധ കൂടുതലായും കണ്ടുവരുന്ന സ്ഥലങ്ങളിൽ 50 ശതമാനം വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡ് ( 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ 50 ശതമാനം വീര്യമുള്ള കോപ്പർ ഹൈഡ്രോക്സൈഡ് ( 1.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം മെയ് ജൂൺ മാസങ്ങളിലും ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിലും തളിക്കണം. മഴക്കാലം നീണ്ടുനിന്നാൽ ഒക്ടോബർ-നവംബർ മാസങ്ങളിൽ ഒരു തവണകൂടി തളിക്കണം

9. **കാലാവസ്ഥ അധിഷ്ഠിത മുന്നറിയിപ്പ്-**

✓ തെങ്ങു കർഷകർ വളപ്രയോഗവും കീടനാശിനി പ്രയോഗവും കുറച്ചുദിവസത്തേക്ക് നിർത്തിവയ്ക്കുക. അധിക മഴവെള്ളം നിലനിർത്താൻ തെങ്ങിൻ തടം തുറക്കുക.

✓ വാഴ കർഷകർ ശക്തമായ കാറ്റ് വീഴാൻ സാധ്യത ഉള്ളതിനാൽ വാഴയ്ക്ക് താങ്ങു കൊടുക്കുക.

✓ പച്ചക്കറികളിൽ നീർവാർച്ച ഉറപ്പുവരുത്തുക. പന്തൽ ഉള്ള പച്ചക്കറികൾക്ക് താങ്ങ് കൊടുക്കുക.